**സർവ്വം പുരുഷ ഏവേദം ഭൂതം ഭവ്യം ഭവച്ച യത്**
**തേനേദമാവൃതം വിശ്വം വിതസ്തിമധിതിഷ്ഠതി (2–6–15)**
**പാദേഷു സർവ്വഭൂതാനി പുംസ: സ്ഥിതിപദോ വിദു:**
**അമൃതം ക്ഷേമമഭയം ത്രിമൂർധ്നോ$f$ധ്യായി മൂർധസു (2–6–18)**

ബ്രഹ്മാവുതുടർന്നു:
ആ വിശ്വപുരുഷനിൽ നിന്നാണ് സർവ്വസൃഷ്ടികളുമുണ്ടായത്. ശബ്ദിക്കാനും വർത്തമാനം പറയുവാനുമുള്ള അവയവങ്ങൾ അവൻെറ വായിൽനിന്നും, സ്വാദറിയാനുള്ളകഴിവ് അവൻെറ നാവിൽനിന്നും. പ്രാണവായുക്കളും വായുഘടകങ്ങളും അവൻെറ മൂക്കിൽനിന്നും, എല്ലാഗന്ധങ്ങളും ഭക്ഷണധാന്യങ്ങളും സ്വർഗ്ഗീയവൈദ്യന്മാരും അവൻെറ ഘ്രാണശക്തിയിൽ നിന്നും, നിറങ്ങളും വെളിച്ചവും അവൻെറ ദൃശ്യശക്തിയിൽ നിന്നും, സ്വർഗ്ഗവും സൂര്യനും അവൻെറ കണ്ണുകളിൽനിന്നും, ദിക്കുദിശകൾ അവൻെറ ചെവികളിൽനിന്നും, ആകാശവും ശബ്ദവും അവൻെറ കേൾവിശക്തിയിൽനിന്നും, എല്ലാത്തിൻേറയും സത്തും പ്രേമസ്വഭാവവും അവൻെറ കൈകാലുകളിൽനിന്നും, വായുവും എല്ലാവിധ ബലികർമ്മങ്ങളും അവൻെറ സ്പർശനശക്തിയിൽനിന്നും, മരങ്ങളും ചെടികളും അവൻെറ മുടിയിൽ നിന്നും, അവൻെറ മുടിജടയിൽ നിന്ന് മേഘങ്ങളും, താടിരോമങ്ങളിൽ നിന്ന് ഇടിമിന്നലും, നഖങ്ങളിൽനിന്ന് പാറകളും ഇരുമ്പും, കൈകളിൽ നിന്ന് കാവൽമാലാഖമാരും, കാൽപ്പാദങ്ങളിൽനിന്ന് അഭയവും (കൃഷ്ണഭഗവാൻെറ കാൽപ്പാദങ്ങളാണല്ലൊ അഭയസ്ഥാനവും സംരക്ഷയും), വെള്ളവും സന്താനോൽപ്പാദനവും അവൻെറ ജ്ഞാനേന്ദ്രിയങ്ങളിൽ നിന്നും, ലൈംഗീകാസ്വാദനം അവൻെറ പ്രത്യുൽപ്പാദനശക്തിയിൽനിന്നും, മരണത്തിൻെറ ദേവതയും വിസർജ്ജനവും അവൻെറ വിസർജ്ജനാവയവങ്ങളിൽനിന്നും, എല്ലാ നശീകരണശക്തികളും നരകവും അവൻെറ ഗുദത്തിൽനിന്നും, പരാജയം അധാർമ്മികത തുടങ്ങിയ തമോശക്തികൾ അവൻെറ പുറത്തുനിന്നും, ചെറുതും വലുതുമായ നദികൾ അവൻെറ സിരകളിൽനിന്നും, അവൻെറ എല്ലുകളിൽനിന്നു മലകളും, സമുദ്രവും എല്ലാ ജീവജാലങ്ങളുടേയും തുടക്കവുമവസാനവും അവൻെറ ഉദരത്തിൽനിന്നും, മനസ്സ് അവൻെറ ഹൃദയത്തിൽനിന്നും, ധർമ്മവും എല്ലാ ദേവതകളും അവൻെറ ചിത്തത്തിൽനിന്നും ഉണ്ടായി. ഇവ നിനക്കു ധ്യാനിക്കുവാനുള്ള ഒരുപാധി എന്ന നിലയ്ക്കു പറയുന്നതാണ്. കാണപ്പെടുന്നതും പ്രകടിപ്പിക്കപ്പെടുന്നതുമായ എന്തും ആ ഭഗവാനെ ഓർമ്മിക്കുവാൻ ഉതകണം. നീയും ഞാനും ഈ മുനിമാരും ദേവതകളെല്ലാവരും അസുരരും മനുഷ്യരും മൃഗങ്ങളും സ്വർഗ്ഗവാസികളും ചെടിവർഗ്ഗങ്ങളും നക്ഷത്രങ്ങളും ഇടിമിന്നലും മേഘങ്ങളും എന്നുവേണ്ട ഈ വിശ്വംമുഴുവനും ഭൂതഭാവി വർത്തമാനങ്ങളും ആ ഭഗവാൻ തന്നെയാണ്. ആർക്കുമാമഹിമയെ അളക്കാൻ കഴിയില്ലതന്നെ. ഈ വിശ്വം അവിടുത്തെ പ്രകടിതരൂപത്തിൻെറ ഒരംശം മാത്രമത്രെ. ഇവിടെയാണ് സൃഷ്ടിക്കപ്പെട്ട ജീവജാലങ്ങൾ നിവസിക്കുന്നത്. പക്ഷെ ചിരഞ്ജീവിത്വം, സംരക്ഷണം, ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം, എന്നിവ മറ്റുബോധതലങ്ങളിലാണു സ്ഥിതിചെയ്യുന്നത്. അവ ഈ നശ്വരലോകത്തിൽ നിന്നുമുയർന്ന അവസ്ഥയാണ്. ചിതറിക്കിടന്നപ്പോൾ ഈ ബോധതലങ്ങൾ ഉപയോഗപ്രദമായിരുന്നില്ല. ഭഗവൽനിയോഗം ഇവയെ ഒന്നിച്ചുകൊണ്ടുവന്ന് വിശ്വപ്രകൃതിയേയും ഒറ്റപ്പെട്ട സൃഷ്ടികളേയും ഉണ്ടാക്കാനിടയായി.

നാരദാ, നിത്യബ്രഹ്മചാരികൾ, സന്യാസികൾ, അവധൂതർ എന്നിവർ ഉയർന്ന ബോധതലങ്ങളിലാണ് നിവസിക്കുന്നത്. ഗൃഹസ്ഥർ ഈ ജനനമരണനിബദ്ധമായ ലോകത്തിലും ജീവിക്കുന്നു. അവർ മരണം, സംരക്ഷണം, ഭയം എന്നിവയ്ക്ക് അടിമപ്പെട്ടുമിരിക്കുന്നു.